## മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

സി.ബി.സി.എസ്.എസ്. ബി.കോം പ്രോഗ്രാമിന്റെ, നിലവിലുള്ള വിവിധ സെമസ്റ്ററുകളിലെ സിലബസ്, കമ്പനീസ് ആക്ട് ഭേദഗതിയുടേയും വെൽത്ത് ടാക്സ് ആക്ട് 1957 റദ്ദാക്കിയതിന്റേയും അടിസ്ഥാനത്തിൽ ഭേദഗതി അംഗീകരിച്ച് - പുറപ്പെടുവിച്ച 4.01.2017-ലെ ഉത്തരവ് പരിഷ്കരിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

അക്കാദമിക് എ IX സെക്ഷൻ

സ.ഉ.നം.245/എ.സി.എ IX/സിലബസ്-ബി.കോം

തീയതി, പി.ഡി.ഹിൽസ്, 11 .01.2017

---

പരാമർശം :- 1. 05.11.2016 -ൽ കൂടിയ സിൻഡിക്കേറ്റ് തീരുമാനം ഐറ്റം നം. 114/16.09/162230

2. 28.12.2016 ന് ഡീൻ ഫാക്കൽറ്റി ഓഫ് കോമേഴ്സ് സമർപ്പിച്ച ബി.കോം സിലബസിൽ വരുത്തേണ്ട ഭേദഗതി നിർദ്ദേശങ്ങൾ.

3. 05.01.2017-ൽ ഡീൻ ഫാക്കൽറ്റി ഓഫ് കോമേഴ്സ് സമർപ്പിച്ച ഇ.മെയിൽ

## <u>ഉത്തരവ്</u>

പരാമർശം (1) പ്രകാരം 05.11.2016-ൽ കൂടിയ എം.ജി. സർവ്വകലാശാലാ സിൻഡിക്കേറ്റ്, കമ്പനീസ് ആക്ട് 2013 -ൽ വരുത്തിയ ഭേദഗതികളുടേയും, വെൽത്ത് ടാക്സ് ആക്ട് 1957 റദ്ദാക്കിയതിന്റേയും അടിസ്ഥാനത്തിൽ ബി.കോമിന്റെ വിവിധ സെമസ്റ്ററുകളിൽ ഉള്ള കോഴ്സുകളുടെ സിലബസിൽ മാറ്റം ശുപാർശ ചെയ്യുവാൻ കോമേഴ്സ് (യു.ജി.) ബോർഡ് ഓഫ് സ്റ്റഡീസിനെ ചുമതലപ്പെടുത്തിയിരുന്നു.

20.12.2016-ൽ നടന്ന കോമേഴ്സ് (യു.ജി.) ബോർഡ് ഓഫ് സ്റ്റഡീസ് യോഗത്തിൽ ബി.കോം സിലബസിൽ വരുത്തേണ്ട ഭേദഗതികളെക്കുറിച്ച് കൃത്യമായ ശുപാർശ നൽകാത്തതിനാൽ ബഹു. വൈസ് ചാൻസലറുടെ 23.12.2016-ലെ ഉത്തരവനുസരിച്ച് കോമേഴ്സ് ഫാക്കൽറ്റി ഡീനിന്റെ അഭിപ്രായം തേടുകയും, അദ്ദേഹം താഴെപ്പറയും പ്രകാരമുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

1. Since the Companies Act 1956 has been replaced by the Companies Act 2013 with amendments, it is necessary to change the contents of the syllabus of the core paper 6 Corporate Regulation and Governance strictly based on the Companies Act 2013.

2. Regarding the existing paper Wealth Tax, it is important to note that the Central Government abolished the Wealth Tax 1957 last year and hence the topic of Wealth Tax should be excluded from the syllabus. In that place, relevant theoretical areas of the Income Tax can be introduced under a new title 'Income Tax –Assessment and Planning'.

On the basis of the above findings, it is necessary to revise the syllabus to incorporate the latest legislations in the area. Moreover, since the classes for the respective semester were already been started, it is very urgent to implement the revised syllabus w.e.f. 2016-17 academic year itself. The detailed syllabus proposed for the papers is also enclosed herewith.

മേൽ പറഞ്ഞ നിർദ്ദേശങ്ങൾക്ക് ബഹു. വൈസ് ചാൻസലർ സർവ്വകലാശാല ആക്ടിന്റെ ചാപ്റ്റർ 3.10(17) വകുപ്പ് പ്രകാരം അക്കാദമിക് കൗൺസിലിന്റെ അധികാരമുപയോഗിച്ച് 31.12.2016 ൽ അംഗീകാരം നൽകി.

മറുപുറം

എന്നാൽ പരാമർശം (3) പ്രകാരം 05.01.2017-ൽ ഡീൻ ഫാക്കൽറ്റി ഓഫ് കോമേഴ്സ്, 28.12.2016-ൽ അദ്ദേഹം ശുപാർശ ചെയ്ത സിലബസിൽ ബി.കോം പ്രോഗ്രാമുകളുടെ രണ്ടാം സെമസ്റ്ററിന്റെ Corporate Regulations and Governance എന്ന കോഴ്സിന്റെ സിലബസിൽ ചില പിഴവുകൾ കടന്ന് കൂടിയിട്ടുണ്ടെന്നും പ്രസ്തുത പിഴവുകൾ ഒഴിവാക്കികൊണ്ട് പുതുക്കിയ സിലബസ് നൽകുകയും ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, ബഹു.വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, 10 (17) വകുപ്പ് പ്രകാരം അക്കാദമിക് കൗൺസലിന്റെ അധികാരം ഉപയോഗിച്ച് താഴെ പറയുന്ന പ്രകാരം ഉത്തരവായിട്ടുണ്ട്.

സർവ്വകലാശാല ഉത്തരവ് സ.ഉ.നം.128/എ.സി.എ IX സിലബസ്-ബി.കോം. തീയതി 04.01.2017 പ്രകാരം ബി.കോം പ്രോഗ്രാമുകളുടെ സിലബസിൽ വരുത്തിയ ഭേദഗതികളിൽ, WEALTH TAX ന് പകരമായി ആറാം സെമസ്റ്ററിൽ INCOME TAX – ASSESSMENT AND PLANNING കോഴ്സ് ആക്കി നിശ്ചയിച്ച ഭേദഗതി അതേപടി നിലനിർത്തിക്കൊണ്ട്, ഡീൻ ഫാക്കൽറ്റി ഓഫ് കോമേഴ്സ് 05.01.2017 - ൽ പിഴവുകൾ ഒഴിവാക്കി കൊണ്ട് സമർപ്പിച്ച ബി.കോം പ്രോഗ്രാമുകളുടെ (സി.ബി.സി.എസ്.എസ്.) രണ്ടാം സെമസ്റ്ററിലെ കോർ കോഴ്സ് -6 CORPORATE REGULATIONS AND GOVERNANCE പകരമായുള്ള CORPORATE REGULATIONS AND ADMINISTRATION കോഴ്സിന്റെ സിലബസ് അംഗീകരിക്കുന്നു.

മേൽ പറഞ്ഞ സിലബസ് മാറ്റം, ആറാം സെമസ്റ്ററിലേത് 2014-15 അഡ്മിഷൻ മുതലും രണ്ടാം സെമസ്റ്ററിലേത് 2016-17 അഡ്മിഷൻ മുതലും ബാധകമായിരിക്കും.

ഇപ്രകാരം സ.ഉ.നമ്പർ 128/എസി എ9/സിലബസ് /ബി.കോം തിയതി. 04.01.2017 പരിഷ്കരിച്ച് ഉത്തരവാകുന്നു. പരിഷ്കരിച്ച സിലബസ് അനുബന്ധമായി ചേർക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
രഘുനാഥൻനായർ ഡി
അസിസ്റ്റന്റ് രജിസ്ട്രാർ III (അക്കാദമിക്)
രജിസ്ട്രാർക്കുവേണ്ടി

പകർപ്പ്:

1. വി.സി./പി.വി.സി. എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
3. ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പൽമാർക്ക്
4. ഡീൻ, ഫാക്കൽറ്റി ഓഫ് കോമേഴ്സ്
5. ചെയർമാൻ/അംഗങ്ങൾ- ബോർഡ് ഓഫ് സ്റ്റഡീസ് കോമേഴ്സ് (യു.ജി.)
6. ജെ.ആർ/ഡി.ആർ/എ.ആർ (അക്കാദമിക്)
7. ജെ.ആർ/ഡി.ആർ/എ.ആർ (സി.ബി.സി.എസ്.എസ് പരീക്ഷാവിഭാഗം)
8. ഇ.ബി XII സെക്ഷൻ
9. സിസ്റ്റം അഡ്മിനിസ്ട്രേറ്റർ
10. കണ്ടന്റ് മാനേജ്മെന്റ്/ഐ.ക്യു.എ.സി
11. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം. Ac.AIX/1/syllabus change-B.Com/210-2016